പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ 2715

10.07.2015 ലെ മറുപടി

## നഴ്സിംഗ് റിക്രൂട്ട്മെന്റിലെ ചൂഷണങ്ങൾ

ചോദ്യം

ശ്രീ. കെ.എൻ.എ.ഖാദർ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വകാര്യ ഏജൻസികൾ വഴിയുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റിലെ ചൂഷണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്: | (എ) & (ബി) | നഴ്സിംഗ് മേഖലയിലെ സ്വകാര്യ ഏജൻസികൾ വഴിയുള്ള റിക്രൂട്ട്മെന്റിൽ വ്യാപകമായ ചൂഷണം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേന്ദ്രസർക്കാർ 12/03/2015ലെ F.OI-11012/10/2013-EP നമ്പർ ഉത്തരവ് പ്രകാരം ഇന്ത്യൻ നഴ്സുമാരുടെ റിക്രൂട്ട്മെന്റ് കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഒ.ഡി.ഇ.പി.സി തമിഴ്നാട് സർക്കാരിന്റെ കീഴിലെ ഓവർസീസ് മാൻപവർ കോർപറേഷൻ ലിമിറ്റഡ് എന്നിവ വഴി മാത്രമായി പരിമിതപ്പെടുത്തി ഉത്തരവിറക്കുകയുണ്ടായി . ഇ.സി.ആർ രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടി പോകുന്ന ഇന്ത്യൻ നഴ്സുമാർക്ക് കേന്ദ്ര സർക്കാരിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസും 31.05.2015 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം വിദേശ റിക്രൂട്ട്മെന്റിൽ സുതാര്യത |
| (ബി) | വിദേശ രാജ്യങ്ങളിലേയ്ക്കുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റിന് സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്; | | |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിന് ഇ-മൈഗ്രേറ്റ് എന്ന ഒരു ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഏജൻസികൾ റിക്രൂട്ട്മെന്റ് നടത്തുന്ന എല്ലാ വിദേശ രാജ്യങ്ങളുമായുള്ള നടപടിക്രമങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത് ഈ തൊഴിൽമേഖലയെ ബാധിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് അടിയന്തിര പരിഹാരം കണ്ടെത്തുമോ; | (സി) | ഉണ്ട്, നഴ്സിംഗ് റിക്രൂട്ട്മെന്റ് സംബന്ധിച്ച് വിദേശരാജ്യങ്ങളുമായുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുവാനും, പൂർത്തീകരിക്കുവാനും നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | എമിഗ്രേഷൻ ക്ലിയറൻസ് റിക്വയേർഡ് നിയന്ത്രണം തുടരാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതുമൂലം പ്രതിസന്ധിയിലായ മലയാളി നഴ്സുമാരെ സഹായിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ ? | (ഡി) | നഴ്സിംഗ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസുകളിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ കാരണം വിസ ലഭിച്ച അനേകം നഴ്സുമാർക്ക് വിദേശത്ത് പോകാനാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത വിഷയം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും 30.04.2015 ന് മുൻപ് വരെ എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ല എന്ന വ്യവസ്ഥ 30.05.2015 വരെ ഒരു മാസത്തേക്കു കൂടി ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ 30.05.2015 ന് മുൻപ് റിക്രൂട്ട്മെന്റ് നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തീയതിക്ക് മുൻപും ശേഷവും VISA ലഭിച്ചവരേയും എമിഗ്രേഷൻ ക്ലിയറൻസ് വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ